"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതശിശു വികസന വകുപ്പ്- സ്റ്റേറ്റ് നിർഭയ സെൽ- ആശ്വാസ നിധി- പുതിയ നിയമവ്യവസ്ഥയ്ക്ക് അനുസൃതമായ പരിഷ്കരണങ്ങൾ ഉൾപ്പെടുത്തി, ആശ്വാസ നിധി ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതശിശു വികസന(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.473/2024/WCDD തീയതി,തിരുവനന്തപുരം, 30-12-2024

---

പരാമർശം:-

1. സ.ഉ.(സാധാ) നം.701/2018/സാ.നീ.വ തീയതി. 10.12.2018.
2. സ.ഉ.(സാധാ) നം. 101/2021/WCDD, തീയതി.08.11.2021.
3. സ.ഉ.(സാധാ) നം. 488/2023/WCDD, തീയതി.04.09.2023.
4. വനിതശിശു വികസന ഡയറക്ടറുടെ 26.10.2024-ലെ DWCD/447/2023-NCD നമ്പർ കത്ത്.

**ഉത്തരവ്**

ലൈംഗികാതിക്രമങ്ങൾ, ആസിഡ് ആക്രമണങ്ങൾ, നിഷ്ഠൂരമായ കുറ്റകൃത്യങ്ങൾ, ജെൻഡർ ബെയ്സ്ഡ് അതിക്രമങ്ങൾ എന്നിവയ്ക്ക് ഇരയായിട്ടുള്ള സ്ത്രീകൾക്കും കുട്ടികൾക്കും അടിയന്തര ആശ്വാസം നൽകുന്നതിനായി 'ആശ്വാസനിധി' എന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകി പരാമർ ശം ( 1 ) പ്രകാരവും പ്രസ്തുത പദ്ധതി ഭേദഗതി ചെയ്ത് പരാമർശ( 2 ) പ്രകാരവും ഉത്തരവായിരുന്നു. ആശ്വാസനിധി പദ്ധതിയ്ക്ക് ജില്ലാതല സംസ്ഥാന തല സ്ക്രീനിംഗ് കമ്മിറ്റി രൂപീകരിച്ചും മുൻ ഉത്തരവ് ഭേദഗതി ചെയ്തും പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു. പുതിയ ക്രിമിനൽ നിയമ വ്യവസ്ഥ പ്രാബല്യത്തിൽ വന്ന സാഹചര്യത്തിൽ, മുമ്പ് നിലവിലുണ്ടായിരുന്ന ഇന്ത്യൻ ശിക്ഷാനിയമത്തിന്റെ വ്യവസ്ഥകൾക്കനുസൃതമായി രൂപീകരിച്ചിട്ടുള്ള ആശ്വാസനിധി ഉത്തരവിൽ ഭേദഗതി വരുത്തേണ്ടത് ആവശ്യമായി വന്നിരിക്കുന്നതിനാൽ ജൂലൈ 1 ന് പ്രാബല്യത്തിൽ വന്ന ഭാരതീയ ന്യായ സംഹിതയുടെ വകുപ്പുകൾ ഉൾപ്പെടുത്തി പുതിയ നിയമ വ്യവസ്ഥയ്ക്കനുസൃതമായ പരിഷ്കരണങ്ങൾ വരുത്തിയ പ്രൊപ്പോസൽ അംഗീകാരത്തിനായി വനിതശിശു വികസന ഡയറക്ടർ പരാമർശം (4) പ്രകാരം സമർപ്പിച്ചിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പുതിയ നിയമവ്യവസ്ഥയ്ക്ക് അനുസൃതമായി, ചുവടെ ചേർത്തിരിക്കുന്ന പരിഷ്കരണങ്ങൾ ഉൾപ്പെടുത്തി കൊണ്ട് പരാമർശം (3) പ്രകാരമുള്ള ആശ്വാസ നിധി ഉത്തരവ് ഭേദഗതി ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

<u>ആശ്വാസനിധി ജില്ലാതല സ്ക്രീനിംഗ് കമ്മിറ്റി അംഗങ്ങൾ (18 വയസ്സിൽ താഴെ)</u>

ജില്ലാ വനിതാ-ശിശു വികസന ഓഫീസർ - ചെയർപേഴ്സൺ

ജില്ലാ ശിശു സംരക്ഷണ ഓഫീസർ - കൺവീനർ

സി. ഡബ്ല്യൂ. സി മെമ്പർ - അംഗം

<u>ആശ്വാസനിധി ജില്ലാതല സ്ക്രീനിംഗ് കമ്മിറ്റി അംഗങ്ങൾ (18 വയസ്സിന് മുകളിൽ)</u>

ജില്ലാ വനിതാ-ശിശു വികസന ഓഫീസർ - ചെയർപേഴ്സൺ

ജില്ലാ ശിശു സംരക്ഷണ ഓഫീസർ - കൺവീനർ

ഒ.എസ്.സി സെന്റർ അഡ്മിനിസ്ട്രേറ്റർ/കേസ് വർക്കർ - അംഗം

<u>ആശ്വാസനിധി സംസ്ഥാനതല സ്ക്രീനിംഗ് കമ്മിറ്റി അംഗങ്ങൾ</u>

വനിതാ-ശിശു വികസന വകുപ്പ് ഡയറക്ടർ - ചെയർപേഴ്സൺ

നിയഭയ സെൽ സ്റ്റേറ്റ് കോ-ഓർഡിനേറ്റർ - കൺവീനർ

സീനിയർ ഫിനാൻസ് ഓഫീസർ (ഡബ്ല്യൂ സി ഡി ) - അംഗം

ലോ ഓഫീസർ (ഡബ്ല്യൂ സി ഡി) - അംഗം

<u>ആശ്വാസനിധി ജില്ലാതല സ്ക്രീനിംഗ് കമ്മിറ്റിയുടെ ചുമതലകൾ</u>

- മാസത്തിൽ 2 തവണ/ അടിയന്തര സാഹചര്യങ്ങളിൽ അപേക്ഷ ലഭ്യമായാലുടൻ മീറ്റിംഗ് കൂടുക
- അപേക്ഷയോടൊപ്പം ആവശ്യമായ രേഖകൾ കൃത്യമാണോ എന്ന് പരിശോധിക്കുക
- അതിജീവിതയുടെ നിലവിലെ അവസ്ഥ വിലയിരുത്തുക (ഉൾക്കൊള്ളിച്ചിട്ടുള്ള വ്യവസ്ഥകൾ അടിസ്ഥാനപ്പെടുത്തി)
- അതിജീവിതയ്ക്ക് മുമ്പ് ആശ്വാസനിധി അനുവദിച്ചിട്ടില്ലായെന്ന് ഉറപ്പുവരുത്തി സാക്ഷ്യപത്രത്തിൽ കൺവീനർ കൗണ്ടർസൈൻ ചെയ്യുക
- അർഹതപ്പെട്ട തുക ശിപാർശ ചെയ്യുക
- മീറ്റിംഗിന്റെ മിനിട്സ് രേഖപ്പെടുത്തി സൂക്ഷിക്കുക.
- ശിപാർശ ചെയ്ത അപേക്ഷകൾ നിർഭയസെല്ലിന് സമർപ്പിക്കുക.
- അടുത്ത മീറ്റിംഗിൽ സമർപ്പിച്ച ഓരോ അപേക്ഷയുടെ അലോട്ട്മെന്റ് സംബന്ധിച്ച്

ഫോളോഅപ് നടത്തുക.

<u>ആശ്വാസനിധി സംസ്ഥാനതല സ്ക്രീനിംഗ് കമ്മിറ്റിയുടെ ചുമതലകൾ</u>

- ജില്ലാതലത്തിൽ നിന്നും ലഭ്യമായ അപേക്ഷകളിൽ സൂക്ഷ്മ പരിശോധന നടത്തുക.
- അർഹമായ അപേക്ഷകളിൽ ശിപാർശ ചെയ്ത തുക അനുവദിക്കുക (ടി കമ്മിറ്റിയുടെ തീരുമാനം അന്തിമമായിരിക്കും)

<u>ആശ്വാസനിധി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ (18 വയസ്സിൽ താഴെ)</u>

- ആശ്വാസനിധി അപേക്ഷ സമ്മറി റിപ്പോർട്ട്
- എഫ്. ഐ. ആർ പകർപ്പ്
- മൊഴിപകർപ്പ്
- പ്രിലിമിനറി അസ്സസ്മെന്റ് റിപ്പോർട്ട് (സൈക്കോസോഷ്യൽ സ്കൂൾ കൗൺസിലറുടെ)
- കുട്ടിയുടെയും രക്ഷിതാവിന്റെയും (രക്ഷിതാക്കളില്ലാത്ത കുട്ടികളാണെങ്കിൽ ഡിഡബ്ല്യുസി ഫിറ്റ് പേഴ്സണായി കണ്ടെത്തിയ ആൾ, സ്ഥാപന സംരക്ഷണത്തിലുള്ള കുട്ടിയാണെങ്കിൽ ഹോം മാനേജർ/ ഹൗസ് മദർ/ സ്ഥാപന സൂപ്രണ്ട്) ജോയിന്റ് ബാങ്ക് അക്കൗണ്ടിന്റെ പകർപ്പ്
- മുമ്പ് കുട്ടിക്ക് ആശ്വാസനിധി ലഭ്യമായിട്ടില്ലായെന്ന രക്ഷിതാവിന്റെ സാക്ഷ്യപത്രം
- കുട്ടിയുടെ ആധാർ പകർപ്പ്
- ആസിഡ് ആക്രമണം/മറ്റ വിധത്തിലെ പൊള്ളലുകൾ എന്നിവക്ക് പൊള്ളലിന്റെ ശതമാനം രേഖപ്പെടുത്തിയിട്ടുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്
- ജില്ലാതല സ്ക്രീനിംഗ് കമ്മിറ്റിയുടെ റിപ്പോർട്ടും ശിപാർശയും

<u>ആശ്വാസനിധി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ (18 വയസ്സിന് മുകളിൽ)</u>

- ആശ്വാസനിധി അപേക്ഷ സമ്മറി റിപ്പോർട്ട്
- എഫ്. ഐ. ആർ/ഡി. ഐ. ആർ ന്റെ (വനിതാ സംരക്ഷണ ഓഫീസറുടെ തീയതിയും ഒപ്പും രേഖപ്പെടുത്തിയത്) പകർപ്പ്
- DCPO/WPO യുടെ റിപ്പോർട്ട്
- മൊഴി പകർപ്പ്

- അപേക്ഷകയുടെ ബാങ്ക് അക്കൗണ്ടിന്റെ പകർപ്പ്
- മുമ്പ് ആശ്വാസനിധി ലഭ്യമായിട്ടില്ലായെന്ന് സാക്ഷ്യപത്രം (അപേക്ഷകയുടെ)
- ആധാർ പകർപ്പ്
- ആസിഡ് ആക്രമണം/മറ്റ വിധത്തിലെ പൊള്ളലുകൾ എന്നിവക്ക് പൊള്ളലിന്റെ ശതമാനം രേഖപ്പെടുത്തിയിട്ടുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്
- ജില്ലാതല സ്ക്രീനിംഗ് കമ്മിറ്റിയുടെ റിപ്പോർട്ടും ശിപാർശയും

<u>അതിജീവിതരെ സംബന്ധിച്ചുള്ള അന്വേഷണത്തിന്റെ വ്യവസ്ഥകൾ</u>

- മാനസികാഘാതം/അഭിമാനക്ഷതം
- ശാരീരിക അവസ്ഥ (ശാരീരിക ക്ഷതം/മുറിവുകൾ/ഗർഭാവസ്ഥ)
- ആശുപത്രി ചികിത്സയുടെ അനിവാര്യത
- സാമൂഹിക-സാമ്പത്തിക പശ്ചാത്തലം
- സംഭവിച്ച നഷ്ടങ്ങൾ (കുടുംബം/വിദ്യാഭ്യാസം/ജോലി)
- ജീവനോ ജീവനോപാധിക്കോ ഉണ്ടായ ഭീഷണി/ നാശനഷ്ടം
- ധനസഹായത്തിന്റെ ആവശ്യകത

<u>മാനദണ്ഡങ്ങൾ</u>

| SL No. | | Particulars of loss or injury | Minimum limit (Rs) | Maximum limit (Rs) |
|---|---|---|---|---|
| I | Sexual Crimes of minors registered under POCSO Act | | | |
| | a | Aggravated Penetrative Sexual assault (Sections 5, 6 of Pcoso Act) & Penetrative Sexual Assault (Section 3, 4 of Pocso Act) | 10000/- | 100000/- |
| | b | Aggravated Sexual Assault (Section 9, 10 of Pocso Act) & Sexual Assault (Section 7, 8 of Pocso Act) | 5000/- | 50000/- |
| | c | Sexual Harassment, Pornography (Section 11, 12 and 13-15 of Pocso Act) | 5000/- | 25000/- |
| | | | | |

| | | | | |
|---|---|---|---|---|
| II | Crimes under sections 74, 75, 76, 77, 78 under Bharathiya Nyaya Samhitha 2023 and Pornography involving women | | 5000/- | 25000/- |
| III | Pregnancy due to penetrative sexual assault/Rape | | 25000/- | 200000/- |
| IV | Sexual crimes against Women and Children (Crimes under Sections 63 & 64 of BNS) | | 10000/- | 100000/- |
| V | If due to any offence under Chapter V of BNS/POCSO Act/ acid attack/ other burns, there occurs: | | 50000/- | 100000/- |
| | a | Loss of life | | |
| | b | Loss of Foetus/Fertility | | |
| | c | Loss of limb/part of body | | |
| VI | Grievous physical injury/mental injury due to domestic violence | | 10000/- | 50000/- |
| VII | Women and Children rescued from trafficking Section 144 BNS) | | 25000/- | 50000/- |
| VIII | Victims of acid attack/other burns due to any offence under Chapter V of BNS or POCSO | | | |
| | a | Above 50% | 100000/- | 200000/- |
| | b | Between 25 and 50% | 50000/- | 100000/- |
| | c | Below 25% burns (which requires long term medical treatment) | 25000/- | 75000/- |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിതശിശു വികസന വകുപ്പ്, തിരുവനന്തപുരം.

സ്റ്റേറ്റ് കോർഡിനേറ്റർ, നിർഭയ സെൽ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
Date: 30-12-2024 13:21:09
സെക്ഷൻ ഓഫീസർ